അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. പി. രാജേന്ദ്രൻ ഒരു നോട്ടീസ് നൽകിയിരുന്നു. ഈ പ്രശ്നം സംബന്ധിച്ച് ചെയർ ടൂറിസം വകുപ്പുമന്ത്രിയുടെ വിശദീകരണമാരായുകയുണ്ടായി. മന്ത്രിയുടെ വിശദീകരണത്തിൽ പാതിരാമണൽ ദീർഘകാല പാട്ട വ്യവസ്ഥയിൽ കൈമാറുന്നതു സംബന്ധിച്ച് 29-3-2000-ത്തിലെ മന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നുവെന്നും അതനുസരിച്ച് പാട്ടവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 13-4-2000-ത്തിൽ ജി.ഒ.332/2000/ജി.എ.ഡി. നമ്പരായി ഉത്തരവിറക്കിയിരുന്നെന്നും പ്രസ്തുത ഫയലിന്റെ തുടർ നടപടികളാണ് ഇപ്പോൾ നടക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. മന്ത്രിയുടെ മറുപടിയിൽനിന്നും, മന്ത്രി നിയമസഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുകയോ, സഭയിൽനിന്നും എന്തെങ്കിലും മറച്ചുവയ്ക്കുകയോ ചെയ്തതായി ചെയറിനു തോന്നുന്നില്ല. ആയതിനാൽ ശ്രീ. കെ. പി. രാജേന്ദ്രന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

2001 ഒക്ടോബർ 17-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിട്ട 81-ാം നമ്പർ ചോദ്യത്തിനും 2003 ജൂലായ് 2-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിട്ട 356-ാം നമ്പർ ചോദ്യത്തിനും വനം വകുപ്പുമന്ത്രി നൽകിയ ഉത്തരങ്ങൾ പരസ്പര വിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് ആരോപിച്ചുകൊണ്ട് മന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. എം. വി. ജയരാജൻ ഒരു നോട്ടീസ് നൽകിയിരുന്നു. ഈ പ്രശ്നം സംബന്ധിച്ച രേഖകൾ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. 17-10-2001-ലെ "എങ്കിൽ സർക്കാർ നയത്തിനെതിരെ കേസ് കൈകാര്യം ചെയ്ത സർക്കാർ പ്ലീഡർമാരുടെമേൽ നടപടി സ്വീകരിക്കുമോ" എന്ന ചോദ്യത്തിന് "ഉത്തരവാദികളായ സർക്കാർ പ്ലീഡർമാരുടെമേൽ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്" എന്നും 2-7-2003-ലെ "ഈ കേസുകൾ നടത്തുന്ന കാര്യത്തിൽ സർക്കാർ വക്കീലന്മാരും വൻകിട വനം കയ്യേറ്റക്കാരും തമ്മിൽ ഒത്തുകളിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ" എന്ന ചോദ്യത്തിന് "ഇല്ല" എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ചോദ്യങ്ങൾ വ്യത്യസ്തങ്ങളായതിനാൽ അതനുസരിച്ചുള്ള മറുപടികളാണ് മന്ത്രി നൽകിയിട്ടുള്ളത്. ഇതിൽനിന്നും മന്ത്രി നൽകിയ മറുപടികൾ പരസ്പര വിരുദ്ധമോ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതോ ആണെന്ന് ചെയർ കരുതുന്നില്ല. ആയതിനാൽ ശ്രീ. എം. വി. ജയരാജന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

(സി) ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ

17-3-2003-ലെ കണ്ണൂർ എസ്.പി. ഓഫീസ് മാർച്ചിനെത്തുടർന്ന് പോലീസ് മർദ്ദിച്ചുവെന്ന് ആരോപിച്ചുകൊണ്ട് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ നൽകിയ നോട്ടീസും, ഇതേ വിഷയത്തിൽ പാനൂർ സി.ഐ., എസ്.ഐ. എന്നിവർക്കെതിരെ ശ്രീ. എം. വി. ജയരാജൻ നൽകിയ നോട്ടീസും 24-6-2002-ലെ 801-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിനു നൽകിയ ഉത്തരം സംബന്ധിച്ച് മുഖ്യമന്ത്രിക്കെതിരെ ശ്രീ. ടി. കെ. ബാലൻ നൽകിയ നോട്ടീസും 31-7-2003-ലെ നക്ഷത്ര ചിഹ്നമിട്ട 767-ാം നമ്പർ ചോദ്യത്തിന്റെ ഉപചോദ്യത്തിനുള്ള മറുപടിയെ ആസ്പദമാക്കി ടൂറിസം വകുപ്പുമന്ത്രിക്കെതിരെ ശ്രീ. പി. സി. ജോർജ് നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

ശ്രീ. എ. കെ. ആന്റണി: സർ, സഭ മുൻപാകെ വയ്ക്കാൻ ഗവൺമെന്റിന് തൽക്കാലം മറ്റ് ബിസിനസ്സുകൾ ഒന്നും ഇല്ലാത്തതുകൊണ്ട് സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: എനിക്ക് ചില കാര്യങ്ങൾ പറയാനുണ്ട്. പതിനൊന്നാം കേരള നിയമ സഭയുടെ ആറാം സമ്മേളനം ഇന്നവസാനിക്കുകയാണ്. പലതുകൊണ്ടും ശ്രദ്ധേയമായിരുന്നു ഈ സമ്മേളനം. കാരണമെന്തുമാകട്ടെ, ഇക്കഴിഞ്ഞ ചില വർഷങ്ങളായി വിശദമായ ഡിമാന്റ് ചർച്ച സുഗമമായി നടത്താൻ സഭയ്ക്ക് കഴിഞ്ഞിരുന്നില്ല. എന്നാൽ നടപ്പു സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളും ധനവിനിയോഗ ബില്ലുകളും വിശദമായി ചർച്ച ചെയ്ത് പാസ്സാക്കാൻ സഭയ്ക്കു കഴിഞ്ഞു എന്നത് എടുത്ത് പറയത്തക്ക ഒരു നേട്ടമാണ്. മുഖ്യമായും ധനകാര്യ ബിസ്സിനസ്സിനുവേണ്ടിയുള്ള സമ്മേളനമായിരുന്നെങ്കിലും പ്രധാനപ്പെട്ട ചില നിയമനിർമ്മാണങ്ങളും ഇതിനിടയിൽ പൂർത്തിയാക്കുകയുണ്ടായി. നാല് ഓർഡിനൻസുകൾ ഉണ്ടായിരുന്നതിനുപകരം ബില്ലുകൾ കൊണ്ടുവന്ന് പാസ്സാക്കാൻ കഴിഞ്ഞു. ആകെ ഇരുപത്തിയേഴ് ബില്ലുകളാണ് ഈ സമ്മേളനത്തിൽ പാസ്സാക്കിയത്. അതിൽ കാലിക പ്രാധാന്യമുള്ള ചില ബില്ലുകളും ഉൾപ്പെടുന്നു. 2003-ലെ കേരള സർവ്വകലാശാല ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചതും ഈ സമ്മേളനത്തിൽതന്നെ. അടിയന്തിരപ്രധാന്യമുള്ള വിഷയങ്ങളെക്കുറിച്ച് 58-ാം ചട്ടപ്രകാരം രണ്ടു ചർച്ചകളും പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയെ സംബന്ധിച്ച 130-ാം ചട്ടപ്രകാരമുള്ള ചർച്ചയും ഈ സമ്മേളനത്തിൽ നടന്നു. പ്രധാനപ്പെട്ട രണ്ട് പ്രമേയങ്ങൾ സഭ പാസ്സാക്കുകയുണ്ടായി. പരിമിതിക്കുള്ളിൽ ഒതുങ്ങി നിന്നാണെങ്കിലും ഏഴ് ദിവസങ്ങളിലായി അനൗദ്യോഗികാംഗങ്ങളുടെ പ്രമേയങ്ങളും ബില്ലുകളും സജീവമായ ചർച്ചയ്ക്ക് വഴിയൊരുക്കുകയും ചെയ്തു. ഏറെക്കാലത്തിനുശേഷം മേശപ്പുറത്തുവച്ച ചട്ടങ്ങൾക്ക് ഭേദഗതി അവതരിപ്പിച്ചതും ഈ സമ്മേളനത്തിലാണെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

1989-നുശേഷം ആദ്യമായാണ് നാല്പത്തിയൊന്നു ദിവസം തുടർച്ചയായി ഈ സഭ സുഗമമായി നടന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തികഞ്ഞ ആത്മാർത്ഥതയോടെയുള്ള സമീപനും സാന്നിദ്ധ്യവും സഭയുടെ ശ്രേഷ്ഠമായ നടത്തിപ്പിന് പ്രയോജനീഭവിച്ചത്, ചാരിതാർത്ഥ്യത്തോടെ ചെയർ ഇവിടെ രേഖപ്പെടുത്തുന്നു. അതുപോലെതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രശ്നാധിഷ്ഠിതമായ വിഷയങ്ങളോടുള്ള വിലപ്പെട്ട പ്രതികരണങ്ങളും, സഭയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് അനുകൂലമായ സമീപനവും ചെയർ നന്ദിയോടെ എടുത്തുപറയട്ടെ.

ചർച്ചയ്ക്കു വിധേയമായ വിഷയങ്ങളെക്കുറിച്ച് ഗഹനമായ പഠനങ്ങളും അവയുടെ പ്രതിഫലനങ്ങളും സഭാംഗങ്ങളുടെ ഭാഗത്തുനിന്ന് വേണ്ടുവോളം ഈ സമ്മേളനത്തിൽ ഉണ്ടായി. പ്രഗത്ഭമായിരുന്നു അംഗങ്ങളുടെ കർമ്മ നിർവ്വഹണം എന്നതിൽ തർക്കമില്ല. ഓരോ അംഗത്തിനേയും പ്രത്യേകം പ്രത്യേകം അഭിനന്ദിക്കാൻ ഈ അവസരം ചെയർ പ്രയോജനപ്പെടുത്തുന്നു.

ബില്ലുകളിന്മേലുള്ള ഭേദഗതികളുടെ പ്രവാഹംതന്നെ ഉണ്ടായപ്പോഴൊക്കെ നിയമസഭയിലെ എല്ലാ ജീവനക്കാരും രാപകലില്ലാതെ കൃത്യനിർവ്വഹണത്തിൽ മുഴുകുകയായിരുന്നു. അവരുടെ സഹകരണം സഭയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏറെ സഹായകമായി എന്നതിൽ തർക്കമില്ല. ഇക്കാര്യം നന്ദിപൂർവ്വം ചെയർ സ്മരിക്കുന്നു.

നിയമസഭാ നടപടികളുടെ ഗൗരവവും ഊർജ്ജവും ചോർന്നുപോകാതെ ജനങ്ങളിൽ എത്തിക്കുന്നതിന് എല്ലാ വിഭാഗം മാധ്യമങ്ങളും വഹിച്ച പങ്ക് ശ്ലാഘനീയമാണ്.

നിയമനിർമ്മാണസഭ എന്ന നിലയിൽ പുലർത്തേണ്ട ഔന്നത്യം ജനകീയ പ്രശ്നങ്ങളുടെ പരിഹാരശ്രമങ്ങളിൽ കാത്ത് സൂക്ഷിച്ച എല്ലാവരേയും ഈ സഭയുടെ അദ്ധ്യക്ഷനെന്ന നിലയിൽ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

ഈ മാതൃക വരാനിരിക്കുന്ന സമ്മേളനങ്ങൾക്ക് ഒരു പുതിയ മുഖമുദ്രയും ദിശാ ബോധവും നൽകട്ടെ എന്നു നമുക്ക് കൂട്ടായി പ്രത്യാശിക്കാം.

ഒരിക്കൽകൂടി ചെയറിന്റെ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കട്ടെ.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാര ത്തോടെല്ലാം ഗവൺമെന്റും ഞാനും പൂർണ്ണമായി യോജിക്കുകയാണ്. കഴിഞ്ഞ വർഷ ങ്ങളിൽ നമ്മുടെ നിയമസഭാപ്രവർത്തനങ്ങൾക്ക് പല കാരണങ്ങളാൽ കുറെ മങ്ങൽ ഏറ്റിരുന്നു. കഴിഞ്ഞ രണ്ടു വർഷമായി അത് കുറെ കൂടുതലുണ്ടായതുപോലെ പുറത്ത് സംസാരം ഉണ്ടായിരുന്നു. ഏതായാലും ഇത്തവണ കേരള നിയമസഭ ഇൻഡ്യയിലെ ഇതര നിയമസഭകൾക്കും പാർലമെന്റിനുതന്നെ മാതൃകയാകുന്ന നിലയിൽ ഉയർന്ന ജനാധിപത്യ ബോധം പ്രകടിപ്പിച്ചുകൊണ്ട് അതേസമയം തികഞ്ഞ ഉത്തരവാദിത്വത്തോടുകൂടി പരിപാടികൾ നടത്തി അവസാന മുഹൂർത്തത്തിൽ എത്തിയിരിക്കുകയാണ്. കഴിഞ്ഞകാലങ്ങളിൽ കാർമേഘങ്ങൾ ഉണ്ടായപ്പോൾ സ്പീക്കറുടെ അന്നത്തെ നിലപാടുകൾ! ഇപ്പോൾ ശാന്തമായ അന്തരീക്ഷത്തിൽ നിയമസഭ നടക്കുമ്പോൾ അതിനനുസരിച്ചുള്ള നിലപാടുകൾ ഉണ്ടായിട്ടുണ്ട്. ഈ സഭ അതിന്റെ അന്തസ് നിലനിർത്തിക്കൊണ്ട് ഇങ്ങനെ മുന്നോട്ടു പോകുന്നതിൽ ബഹുമാന്യനായ സ്പീക്കർ പ്രകടിപ്പിക്കുന്ന വാക്കുകൾകൊണ്ട് എനിക്ക് പറഞ്ഞ് അറിയിക്കുവാൻ കഴിയാത്ത നിലയിലുള്ള അദ്ദേഹത്തിന്റെ അസാമാന്യമായ പാടവത്തെ, കഴിവിനെ, ഞാൻ ഈ അവസരത്തിൽ എല്ലാവർക്കുംവേണ്ടി പ്രത്യേകമായി അഭിനന്ദിക്കുവാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ രണ്ടു നിയമസഭാ സമ്മേളനങ്ങളിൽ ഉണ്ടായ ദുഃഖകരമായ അന്തരീക്ഷം നമ്മുടെ സഭയെക്കുറിച്ചുതന്നെ വ്യത്യസ്തമായ ചിത്ര മുണ്ടാക്കി. പക്ഷേ ഇത്തവണ, വേണമെങ്കിൽ നമുക്ക് എല്ലാവരേയും അതിശയിപ്പിച്ചുകൊണ്ട്, മറ്റെല്ലാ സഭകളേക്കാൾ ഏറ്റവും മെച്ചപ്പെട്ട നിലയിൽ കാര്യങ്ങൾ നടത്താമെന്ന് തെളിയിച്ചിരി ക്കുകയാണ്. ഭരണകക്ഷിയിൽ അംഗങ്ങൾ കൂടുതൽ ഉള്ളതുകൊണ്ടുമാത്രം അങ്ങനെ നടത്തിക്കൊണ്ടുപോകാൻ സാധ്യമല്ല. ഇത്തവണ സമ്മേളനത്തിന്റെ തുടക്കംമുതൽ അസംബ്ലിക്ക് അകത്ത് നിന്നുകൊണ്ട് ഗവൺമെന്റിന്റെ എതിർക്കേണ്ട നയങ്ങളെ നഖശിഖാന്തം എതിർക്കുവാൻ ശ്രമിക്കുകയും അസംബ്ലി പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ടു പോകണമെന്ന് പ്രതിപക്ഷം ഉറച്ച തീരുമാനമെടുത്തതുകൊണ്ടു തന്നെയാണ് ഈ സഭാ സമ്മേളനം ഇതുപോലെ ശാന്തമായി നടത്തിക്കൊണ്ടുപോകാൻ കഴിഞ്ഞത്. നിങ്ങളുടെ ആ പങ്കിനെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുവാൻ ആഗ്രഹിക്കുകയാണ്. അതിന് എല്ലാവരേയും അഭിനന്ദിക്കുന്നതോടൊപ്പംതന്നെ നല്ലതു വന്നാലും ചീത്ത വന്നാലും മുന്നിൽ നിൽക്കുന്നവരെ ആദ്യം പറയേണ്ടതുള്ളതുകൊണ്ട് ഒന്നാമത്തെ ക്രഡിറ്റ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന് നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹവും അദ്ദേഹത്തിന്റെ കൂടെയുള്ള ഉപനേതാവ് കോടിയേരി ബാലകൃഷ്ണനും രാജേന്ദ്രനും—മറ്റുള്ളവർ എല്ലാവരും—പേരെടുത്ത് പറയുന്നില്ല; എല്ലാവരും സഭാ സമ്മേളന കാലത്ത് ഇത് ഭംഗിയായി കൊണ്ടുപോകുന്നതിനും ഇവിടെ മാത്രമല്ല ബിസിനസ് അഡ്വൈസറി കമ്മിറ്റിയിലും കാര്യങ്ങൾ ഭംഗിയായി കൊണ്ടുപോകുന്നതിന് സഹകരി ച്ചിട്ടുണ്ട്. ഭരണകക്ഷി അംഗങ്ങൾ—ഞാൻ അവരെക്കുറിച്ച് പ്രത്യേകമായി പറയേണ്ടതില്ല— അവർക്കാണെങ്കിലും ഇത്തവണത്തെ സമ്മേളനത്തിലൂടനീളം വളരെ കാര്യമായ സംഭാവന നൽകാൻ കഴിഞ്ഞു. ഞാൻ അവരെ ഓരോരുത്തരേയും പ്രത്യേകം അഭിനന്ദിക്കുന്നു. യാദൃശ്ചികമായിട്ടായിരിക്കാം ഇത്തവണ സമ്മേളനം ഇങ്ങനെ ഭംഗിയായി അവസാനിക്കു ന്നതിന്റെ ഒരു പരിസമാപ്തിയായിട്ട് ഇന്നലെ സ്പീക്കർ കൈതപ്രത്തെക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഒരു പരിപാടി നടത്തി. അതും ഒരു നല്ല അന്തരീക്ഷമാണ്. അതിന്റെ ശാന്തിയുണ്ട്. സാധാരണഗതിയിലുള്ള നീണ്ട സമ്മേളന കാലത്തുള്ള ഒരു ബുദ്ധിമുട്ടും കാണിക്കാതെ, അസംബ്ലി ജീവനക്കാർ അല്പംപോലും നെറ്റിചുളിക്കാതെ ഏല്പിച്ച ജോലിയെല്ലാം ഭംഗിയായി നിർവ്വഹിക്കുവാൻ പരിശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞകാലത്ത് പ്രശ്നങ്ങൾ ഉണ്ടായപ്പോൾ അതിന്റെ മറവിൽ പൊടിപ്പും തൊങ്ങലും കാണിച്ച് വാർത്താ മാധ്യമങ്ങൾ കഴിഞ്ഞ സമ്മേളനത്തെക്കുറിച്ച് എഴുതിയെങ്കിലും ഇത്തവണ പ്രധാനപ്പെട്ട കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ വാർത്താ രാധ്യമങ്ങൾ ഏറ്റവും പോസിറ്റീവായിട്ടുള്ള ഒരു നിലപാട് സ്വീകരിക്കുകയും വളരെ ശ്രദ്ധയോടുകൂടി നിയമസഭയിൽ നടക്കുന്ന കാര്യങ്ങൾ ജനമധ്യത്തിൽ അവതരിപ്പിക്കുന്നതിൽ അവരുടെ പങ്ക് വഹിക്കുകയും ചെയ്തിട്ടുണ്ട്. അവരെയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുവാൻ ആഗ്രഹിക്കുകയാണ്. കാര്യങ്ങൾ ഇതുപോലെ മുന്നോട്ടു പോകണം. നമുക്ക് പറയേണ്ട കാര്യങ്ങളെക്കുറിച്ചെല്ലാം കൂടുതൽ ഗൗരവമായി ചർച്ച നടത്തണം. നമ്മുടെ പാർലമെന്ററി പ്രവർത്തനം വീണ്ടും പഴയ കാലഘട്ടത്തിലേയ്ക്ക് കൊണ്ടുപോകാൻ സാധിക്കണം. ഇപ്പോൾ വർഷങ്ങൾക്കു ശേഷമാണ് ഇത്രയും കൂടുതൽ ബില്ലുകൾ പാസ്സാക്കിയത്. ഇനി നമുക്ക് കൂടുതൽ ബില്ലുകൾ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന രീതിയിൽ സെലക്ട് കമ്മിറ്റി സമ്പ്രദായം കുറച്ചുകൂടി സജീവമാക്കണം. നിയമ പരിഷ്കാരം അതുപോലെതന്നെ യൂണിവേഴ്സിറ്റി നിയമങ്ങൾ തുടങ്ങിയ പ്രധാനപ്പെട്ട നിയമങ്ങൾ ഇനിയും നമുക്ക് വിശദമായി ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. ഇനി അങ്ങോട്ട് നിയമസഭാ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താനും അതുവഴി ഇവിടെ ചർച്ചചെയ്യപ്പെട്ട ഓരോ കാര്യങ്ങളും കൂടുതൽ ഫലപ്രദമാക്കുവാനും സാധിക്കട്ടെയെന്നു ഞാൻ പ്രത്യേകം ആശംസിക്കുന്നു. ഈ സമ്മേളനം ഇത്രയും ഭംഗിയായി, ഇത്രയും ശാന്തമായി ഇത്രയും സൗഹൃദമായി, ഏറ്റവും അവസാനം ഈ കേരളത്തിന്റെ ചരിത്രത്തിൽത്തന്നെ ഏറ്റവും സംഭവമാകുവാൻ പോകുന്ന ഒരു വലിയ ബിൽകൂടി പാസ്സാക്കിക്കൊണ്ട് അങ്ങനെ ഇത് ശുഭകരമായി പര്യവസാനിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും ഗവൺമെന്റിനുവേണ്ടിയും സ്വന്തം നിലയിലും ഞാൻ പ്രത്യേകമായി അഭിനന്ദനവും നന്ദിയും രേഖപ്പെടുത്തുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: മുമ്പ് നടന്ന സഭാ സമ്മേളനങ്ങളിൽ ഉണ്ടായതു പോലുള്ള ദൗർഭാഗ്യകരമായ സ്ഥിതി അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ തിരുത്താനും കൂടുതൽ സൗഹൃദപൂർവ്വമായ സമീപനം കൈക്കൊള്ളാനും കഴിഞ്ഞ ഒരു സമ്മേളനമാണ് ഇതെന്ന് ബഹുമാനപ്പെട്ട സ്പീക്കറും, മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഇതിൽനിന്ന് പ്രതിപക്ഷം രണ്ടു രീതിയിലുള്ള സമീപനം സ്വീകരിക്കാൻ കഴിവുള്ളവരാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞു എന്നുള്ളതിൽ സന്തോഷമുണ്ട്. ഗവൺമെന്റിന്റെ നല്ല കാര്യങ്ങൾ നിർവ്യാജം അംഗീകരിക്കുവാനും പിശക് എന്നു ഞങ്ങൾക്കു തോന്നുന്ന കാര്യം നിർദാക്ഷിണ്യം എതിർക്കാനുമുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. ചിലപ്പോഴൊക്കെ പരാജയപ്പെട്ടുകാണും. പൂർണ്ണമായ നിലയിൽ എല്ലാം വിജയിച്ചു എന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. ജനങ്ങളെ ബാധിക്കുന്ന ഗൗരവമായ പ്രശ്നങ്ങൾ സഭയിൽ കൊണ്ടുവരാനും ഗവൺമെന്റിനെ കൺവിൻസ് ചെയ്യിച്ച് അത് അംഗീകരിപ്പിക്കുവാനും ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്, തുടർന്നും ശ്രമിക്കും. പരാജയപ്പെട്ടുപോയ ചില സന്ദർഭത്തിലും ക്ഷമയോടുകൂടിതന്നെ കൈകാര്യം ചെയ്യാൻ ശ്രമിച്ചിട്ടുള്ള ചില അവസരങ്ങളിൽ ക്ഷമയറ്റു പോകുക എന്നുള്ള തരത്തിലുള്ള സ്ഥിതി ഉണ്ടായിട്ടുണ്ട്. അസഹനീയമായ സ്ഥിതി വരുമ്പോൾ ക്ഷമയറ്റുപോകുക എന്നുള്ള സ്ഥിതി ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ കാര്യം മറച്ചുവയ്ക്കാൻ ഉദ്ദേശിച്ചിട്ടില്ല. ഗവൺമെന്റ് എന്നുള്ള നിലയിൽ കൈക്കൊള്ളുന്ന കാര്യങ്ങൾ ജനങ്ങളെ സംബന്ധിച്ച് ഗൗരവം ഉള്ളതാണെന്ന് പ്രതിപക്ഷം പറയുമ്പോൾ സാമാന്യം അത് മനസ്സിലാക്കാനും കൈകാര്യം ചെയ്യുക എന്നുള്ള നിലയിലുള്ള ഒരു സമീപനം മുൻകാലങ്ങളിൽ വന്നിട്ടില്ല. ഇടയ്ക്കിടയ്ക്ക് എടുത്തു പറയേണ്ടിവരുന്നത് എന്തെന്നു വച്ചാൽ പ്രതിപക്ഷം പറയുന്നു എന്ന ഒറ്റ കാരണത്താൽ അംഗീകരിക്കാതിരിക്കുക എന്നുള്ള സമീപനം ഉണ്ടായിട്ടുണ്ട്. ഒരു ജുഡീഷ്യൽ എൻക്വയറിയുടെ കാര്യംതന്നെ ആലോചിച്ചാൽ മതി. വെടിവെയ്പ് നടന്നിട്ടുള്ള സന്ദർഭങ്ങളിൽ ഏത് ഗവൺമെന്റിന്റെ കാലത്ത് ആണെങ്കിലും ആവശ്യപ്പെടാതെ തന്നെ ജുഡീഷ്യൽ എൻക്വയറിക്ക് ഉത്തരവിട്ടിട്ടുണ്ട്. മുത്തങ്ങാ സംഭവത്തിലാകട്ടെ പ്രതിപക്ഷം ആവശ്യപ്പെട്ടു എന്നുള്ള ഒറ്റ കാരണത്താൽ അംഗീകരിക്കാതെയുള്ള ആ വാശി എവിടെയെത്തി? സി.ബി.ഐ.-യിൽ എത്തി. ഇത്തരത്തിലുള്ള അനുഭവങ്ങളിൽനിന്ന് പാഠം പഠിക്കാൻ കഴിഞ്ഞാൽ തുടർന്ന് അങ്ങോട്ടുള്ള കാര്യങ്ങളിൽ അബദ്ധം വരാതിരിക്കാൻ സാധിക്കും. ഇത് നാട്ടിൽ ഇവിടെ മാത്രം കൊണ്ടു നിൽക്കുന്നില്ല. അത് ദേശീയ തലത്തിൽ തന്നെ ദോഷം ഉണ്ടാക്കുന്ന സ്ഥിതിയിലേയ്ക്ക് വരുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞാൽ അത് നമ്മെ സംബന്ധിച്ചിടത്തോളം ഭാഗ്യമാണ്. ആ നിലയിൽ പ്രതിപക്ഷത്തെ കാണാനും പ്രതിപക്ഷത്തിന്റെ അഭിപ്രായങ്ങൾ പരിഗണിക്കേണ്ടത് പരിഗണിക്കാനും തുനിയുക എന്നുള്ള സമീപനം ഇപ്പോൾ ഇവിടെ പ്രകടമായതുപോലെതന്നെ ആകെ മൊത്തം ഒന്ന് പ്രകടമാക്കാൻ കഴിഞ്ഞാൽ നമുക്ക് കൂടുതൽ സൗഹൃദപരമായ നിലയിൽ പോകാനുള്ള അന്തരീക്ഷം ഉണ്ടാകും എന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ഏതായാലും ഈ സമ്മേളനത്തിൽ നമ്മൾ പ്രകടമാക്കിയ തരത്തിലുള്ള സൗഹൃദം തുടർന്നും ഉണ്ടാകാൻ ഇടയാകട്ടെ എന്ന് ഞാൻ ആശിക്കുന്നു. സ്പീക്കർക്കും മറ്റു മന്ത്രിമാർക്കും എല്ലാമുള്ള എന്റെ നല്ല അഭിപ്രായം എന്നുള്ള നിലയിൽ ഞാൻ കാണുന്നത് ഞാൻ ഈ അവസരത്തിൽ ഒന്നുകൂടി പ്രകടിപ്പിച്ചുകൊണ്ട് നിർത്തുന്നു.

Mr. Speaker: Thank you very much. സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

(സഭ 2.44-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly